പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1851 26-10-2026-ൽ മറുപടിയ്ക്ക്

പാലക്കാട് റെയിൽവേ ഡിവിഷന്റെ വിഭജനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. കെ. രാജൻ	ശ്രീ. വി. ഡി. സതീശൻ
ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ	(മുഖ്യമന്ത്രി)
ശ്രീ. മുഹമ്മദ് മുഹസിൻ	
ശ്രീ. സി. അജയപ്രസാദ്	

(എ) പാലക്കാട് റെയിൽവേ ഡിവിഷനിൽ നിന്ന് മംഗലാപുരം സ്റ്റേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾ മൈസൂരു ഡിവിഷനിലേക്ക് മാറ്റാനുള്ള റെയിൽവേ ബോർഡിന്റെ തീരുമാനം ഏകപക്ഷീയമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് മംഗളൂരു ഉൾപ്പെടെയുള്ള മൈസൂർ ഡിവിഷന്റെ ഭാഗമാക്കിയത് കേന്ദ്ര റെയിൽവേ ബോർഡിന്റെ നയപരമായ തീരുമാനങ്ങളുടെ ഭാഗമായാണ്. അപ്രതീക്ഷിതമായി ഉണ്ടായ ഈ തീരുമാനത്തിന്റെ പരിണിതഫലങ്ങൾ സംസ്ഥാന സർക്കാർ വിലയിരുത്തി വരുന്നു.

പ്രധാന ചരക്കുനീക്ക കേന്ദ്രങ്ങളും ടെർമിനലുകളും (പ്രത്യേകിച്ച് മംഗളൂരു മേഖല പോലുള്ളവ) നഷ്ടമായാൽ പാലക്കാട് ഡിവിഷന്റെ ഔദ്യോഗിക വരുമാനം കുറയുന്നതിന് കാരണമായേക്കാം. ഇത് ഡിവിഷനുള്ള കേന്ദ്ര ബജറ്റ് വിഹിതം കുറയുന്നതിലേക്ക് നയിക്കുവാൻ സാധ്യത ഉണ്ട്. വരുമാന നഷ്ടം മൂലം നിർണായക പദ്ധതികൾ നഷ്ടപ്പെടാനും, ദീർഘദൂര സർവീസുകൾ അനുവദിക്കുന്നതിലെ മുൻഗണന ഇല്ലാതാക്കാനും സാധ്യത ഉണ്ട്.പാലക്കാട് ഡിവിഷന്റെ ചരിത്രപ്രാധാന്യവും, വിഭജനം മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളും ചൂണ്ടിക്കാട്ടിക്കൊണ്ടും, പാലക്കാട് ഡിവിഷന്റെ നിലവിലെ അതിർത്തികളും പ്രധാന ലൈനുകളും സ്റ്റേഷനുകളും മാറ്റമില്ലാതെ അതേപടി നിലനിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടും ബഹു.പ്രധാനമന്ത്രിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്

(ബി) മംഗലാപുരം ജങ്ഷൻ ഒഴിവാക്കിയതിലൂടെ പാലക്കാട് ഡിവിഷന്റെ വരുമാനം ഗണ്യമായി കുറയുകയും ഇത് ഡിവിഷന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും എന്നത് ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പാലക്കാട് ഡിവിഷന്റെ പ്രവർത്തനപരമായ പരിധിയും പ്രാധാന്യവും കുറച്ച് അതിനെ ക്രമേണ ദുർബലപ്പെടുത്താനുള്ള നീക്കമാണിത് എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാറിനെ സമീപിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തെ എം.പിമാരുടെ കൂടി സഹകരണത്തോടെ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുവാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ